## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T2482 — 09.07.2015-ൽ മറുപടിക്ക്

### എൽ.പി.എസ്.എ. തസ്തികയിലേക്കുള്ള എസ്.റ്റി. വിഭാഗക്കാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേക്കുള്ള എസ്.റ്റി. വിഭാഗക്കാരുടെ എൻ.സി.എ. ഒഴിവിൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകി ; അത് എന്നാണ്; | (എ) ഉണ്ട്. പി.എസ്.സി. മുഖാന്തിരം റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. നിയമനം ആർക്കും നൽകിയിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നോ ; എങ്കിൽ എത്ര പേരെ ; എന്നാണ് ശുപാർശ നൽകിയത്; | (ബി) അഡ്വൈസ് ചെയ്തിരുന്നു. 5 എസ്.റ്റി. ഉദ്യോഗാർത്ഥികൾക്ക് 24.03.2014-ന് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. |
| (സി) നിയമനം നൽകിയില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ ജനറൽ വിഭാഗത്തിനായി നീക്കിവച്ചിട്ടുണ്ടോ ; നിയമനം ലഭിക്കാത്തത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) ഒഴിവുകൾ ജനറൽ വിഭാഗത്തിനായി നീക്കിവച്ചിട്ടില്ല. നിയമനം ലഭിക്കാത്തതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ പരാതി നൽകിയിട്ടുണ്ട്. ഇതിനോടകം അഡ്വൈസ് നൽകപ്പെട്ടവർക്കായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ഡി) നിയമനം നൽകാത്തതിന് വകുപ്പിന്റെ വിശദീകരണമെന്തെന്ന് വ്യക്തമാക്കുമോ ? | (ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം ജില്ലയിൽ 270 എൽ.പി.എസ്.എ.മാരുടെ തസ്തിക നഷ്ടപ്പെടുകയും ഇവർ തസ്തിക ലഭ്യമല്ലാതെ ജോലി ചെയ്യുകയുമാണ്. ആയതിനാലാണ് അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകുവാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ.